"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (പി.എസ്) വകുപ്പ്

നം. പി.എസ്2/148/2025/പൊ.വി.വ **11-10-2025**,തിരുവനന്തപുരം

സെക്രട്ടറി
പൊതുവിദ്യാഭ്യാസ വകുപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷാ അഭിയാൻ, തിരുവനന്തപുരം.
ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം.
ഡയറക്ടർ, എസ്.ഐ.ഇ.റ്റി, തിരുവനന്തപുരം.
ഡയറക്ടർ, സീമാറ്റ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐറ്റി@സ്കൂൾ, തിരുവനന്തപുരം.
സ്റ്റേറ്റ് പ്രോജറ്റ് ഡയറക്ടർ, മഹിള സമഖ്യ സൊസൈറ്റി, തിരുവനന്തപുരം.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായുള്ള എം.പി മാരുടെ സമ്മേളനം **2025** - സംബന്ധിച്ച്.

സൂചന:- പൊതുഭരണ (ഏകോപനം) വകുപ്പിന്റെ **10.09.25** ലെ സി.ഡി.എൻ **2/72/2025**/പൊ.ഭ.വ നമ്പർ കുറിപ്പ്

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായുള്ള എം.പി.മാരുടെ സമ്മേളനത്തിൽ പരിഗണിക്കുന്നതിനുള്ള അജണ്ടാകുറിപ്പുകൾ (കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കേണ്ടതും എം.പിമാർ **follow up** ചെയ്യേണ്ടതുമായ വിഷയങ്ങളായിരിക്കണം അജണ്ടയിൽ ഉൾപ്പെടുത്തേണ്ടത്.) താഴെക്കാണുന്ന പ്രൊഫോർമയിൽ (എഡിറ്റബിൾ ഫോർമാറ്റിൽ മലയാളത്തിൽ) **15/10/25ന്** മുമ്പ് ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു.

ക്രമ നമ്പർ	അജണ്ട ഇനം	കേന്ദ്രസർക്കാരുമായി നടത്തിയ കത്തിടപാടുകളുടെ വിശദാംശങ്ങൾ നമ്പരും തീയതിയും	പ്രോജക്ടിന്റെ നിലവിലെ സ്ഥിതി

അജണ്ടക്കുറിപ്പുകൾ സമർപ്പിക്കുമ്പോൾ ചുവടെച്ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. കേന്ദ്രസർക്കാരിന് പ്രൊപ്പാസേൽ സമർപ്പിച്ചിട്ടുള്ളതും കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കേണ്ടതും എം.പി.മാർ **Follow up** ചെയ്യേണ്ടതുമായ വിഷയങ്ങളായിരിക്കണം അജണ്ടയിൽ ഉൾപ്പെടുത്തേണ്ടത്.

2. പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കി അജണ്ടക്കുറിപ്പുകൾ സംക്ഷിപ്ത രൂപത്തിൽ തയ്യാറാക്കേണ്ടതാണ്.

3.കേന്ദ്ര സർക്കാരിന് അയച്ചിട്ടുള്ള ഏറ്റവും പുതിയ കത്തിടപാടുകളുടെ നമ്പർ ഉൾപ്പെടുത്തേണ്ടതും പകർപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്.

4. സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കേണ്ടതായ വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്താൻ പാടില്ല.

കൂടാതെ മുൻ സമ്മേളനത്തിന്റെ നടപടി റിപ്പോർട്ട് കൂടി ലഭ്യാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
ANITHA RAJ V
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Somaraj K G
Date: 13-10-2025 10:32:16

സെക്ഷൻ ഓഫീസർ.

പകർപ്പ് - പൊതു വിദ്യാഭ്യാസ (പി ,എം, ഡി)വകുപ്പ്- ആവശ്യമായ നടപടിക്കായി